"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. തോമസ്.ജി.-യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1320/2022/LSGD തീയതി,തിരുവനന്തപുരം, 27-05-2022

---

പരാമർശം:-
1. നഗരകാര്യ ഡയറക്ടറുടെ 13.08.2018, 14.02.2022 തീയതികളിലെ ഇ3-26675/2016 നമ്പർ കത്ത്.
2. ശ്രീ.തോമസ് ജി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 726/2021 നമ്പർ കേസിലെ 22.06.2021 തീയതിയിലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

പരാമർശം(1) പ്രകാരം, ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.തോമസ്.ജി. 02.09.2016 മുതൽ 05.05.2018 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി മെഡിക്കൽ സർട്ടിഫിക്കറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും സഹിതം അപേക്ഷിച്ചിരുന്നതനുസരിച്ച് പ്രസ്തുത ശൂന്യവേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. ശ്രീ.തോമസ് .ജി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 726/2021 നമ്പർ കേസിലെ പരാമർശം 2 ഉത്തരവ് പ്രകാരം അപേക്ഷകന്റെ അവധി കാലയളവ് ക്രമീകരിച്ച് പെൻഷൻ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രണ്ടാം വൈദ്യപരിശോധനക്കുള്ള അവസരം നഷ്ടപ്പെട്ടതിനാൽ, ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. തോമസ്.ജി.-ക്ക് 02.09.2016 മുതൽ 05.05.2018 വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽമേൽ അല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പ്രകാരം ശ്രീ.തോമസ് ജി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 726/2021 നമ്പർ കേസിലെ 22.06.2021 തീയതിയിലെ ഇടക്കാല ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.തോമസ് ജി , സീനിയർ ക്ലർക്ക്, ചങ്ങനാശ്ശേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ